ചെയ്യാൻ ഉദ്ദേശിക്കുന്നത്. മുകളിൽ പറയുന്ന വിലയ്ക്ക് കേരഫെഡ് ചരക്ക് ദുബായ് പോർട്ടിൽ എത്തിച്ചു കൊടുക്കേണ്ടതാണ്.

(ഇ) ഏകദേശം 2.75 കോടി രൂപയുടെ വെളിച്ചെണ്ണ പ്രതിവർഷം കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(എഫ്) ഉണ്ട്.

(ജി) ഗൾഫ് നാടുകളിലെ ആവശ്യത്തിനനുസരിച്ച് കേര വെളിച്ചെണ്ണ കരുനാഗപ്പള്ളി ഫാക്ടറിയിൽ നിന്ന് ഉൽപ്പാദനം നടത്തി കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ട്. 1999-2000 കാലയളവിൽ ഉദ്ദേശ്യം 10,000 മെട്രിക് ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനാണ് പരിപാടി.

18 (*78) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിക്ക് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഇതനുസരിച്ച് കർഷകർ നൽകിയ വൈദ്യുതി ചാർജ്ജ് തിരിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ വൈദ്യുതി സൗജന്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

19 (*79) ഏഷ്യൻ വികസന ബാങ്കിൽ നിന്ന് സംസ്ഥാനത്തിനുള്ള ധനസഹായം

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ ധനാഗമന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങൾക്ക് സഹായം നൽകാനുള്ള ഏഷ്യൻ വികസന ബാങ്കിന്റെ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം മേഖലകളുടെ വികസനത്തിനാണ് ഏഷ്യൻ വികസന ബാങ്കിന്റെ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏഷ്യൻ വികസന ബാങ്കിൽ നിന്നും മൊത്തം എന്തുതുകയുടെ സഹായമാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തുതുകയുടെ സഹായം ഏഷ്യൻ വികസനബാങ്കിൽ നിന്നും നേടിയെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഏഷ്യൻ വികസന ബാങ്കിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ നിബന്ധനകൾ വിശദമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ടി. ശിവദാസമേനോൻ) :

(എ) വിവിധ വകുപ്പുകളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിച്ചും നികുതി പിരിവ് ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ബാങ്കധികൃതരുമായി പ്രാഥമിക ചർച്ചകൾ കഴിഞ്ഞു. ഏഷ്യൻ വികസനബാങ്കിന്റെ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുമെന്നാണറിയുന്നത്.

(സി) ബാങ്കുമായി നടത്തുവാൻ പോകുന്ന അന്തിമ ചർച്ചയിൽ മാത്രമേ അറിയുവാൻ കഴിയൂ.

(ഡി) ബാങ്കുമായി നടത്തുവാൻ പോകുന്ന അന്തിമ ചർച്ചയിൽ മാത്രമേ വ്യക്തമാകുകയുള്ളൂ.

(ഇ) യാതൊരു തുകയും ലഭിച്ചിട്ടില്ല.

(എഫ്) വ്യക്തമാക്കാറായിട്ടില്ല.

20 (*80) ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതി.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം എവിടെനിന്നെല്ലാം എത്ര വീതം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly